# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല — കടപ്പുറം ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് - 2009-2010 , 2010-2011 – ഖണ്ഡിക 3.6 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.856/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/03/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 18/09/2014-ലെ എം3-34472/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 06/01/2015-ലെ L.F. 16657/PT2/2014 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം 1,37,455/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കുലർ നമ്പർ 75326/FM1/2007/LSGD തീയതി 30/01/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ സംരക്ഷണത്തിന് വകമാറ്റി വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതിയില്ലാതെയാണ് പ്രവൃത്തി നടത്തിയതെങ്കിലും പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണവും, പഞ്ചായത്ത് തീരുമാനവും പരിഗണിച്ച് മേൽ ഖണ്ഡികയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഓ്ഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ഖണ്ഡിക 3-6 പ്രകാരം തടസ്സപ്പെടുത്തിയ 1,37,455/-(ഒരു ലക്ഷത്തി മുപ്പത്തിയേഴായിരത്തി നാനൂറ്റി അമ്പത്തിയഞ്ച് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

സെക്രട്ടറി, കടപ്പുറം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ